(ഡി) മാലിന്യങ്ങൾ കൂടുന്നതുകൊണ്ട് സാംക്രമിക രോഗങ്ങൾക്ക് സാദ്ധ്യതയുണ്ട്. അതിനാൽ രോഗങ്ങൾ തടയുന്നതിന്റെ മുൻകരുതൽ നടപടികളുടെ ഭാഗമായി തദ്ദേശസ്വയംഭരണം, റെയിൽവേ, എയർപോർട്ട്, കുടുംബശ്രീ തുടങ്ങിയ വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി കഴിഞ്ഞമാസം (ജൂൺ) 29-ാം തീയതിയും പിന്നീട് ഈ മാസം 6-ാം തീയതിയും ബഹു. മുഖ്യമന്ത്രി വിശദമായ ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇതിനോടകം നൽകി കഴിഞ്ഞിട്ടുമുണ്ട്.

പകർച്ചവ്യാധികൾ പിടിപെട്ട് മരണമടഞ്ഞവർ

146. [913] ശ്രീ. സി. ടി. അഹമ്മദ്അലി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷക്കാലത്ത് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പകർച്ച വ്യാധി കാരണം എത്ര പേർ മരിച്ചിട്ടുണ്ടെന്നും എത്രപേർക്ക് രോഗം ബാധിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

ഈ വർഷക്കാലത്ത് സംസ്ഥാനത്തുണ്ടായ പകർച്ചവ്യാധികളുടേയും മരണത്തിന്റേയും 6-7-2005 വരെയുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഡോക്ടർമാരില്ലാത്ത ആശുപത്രികൾ

147. [914] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. മുഖേന നിയമിച്ച ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത എത്ര പി. എച്ച്. സി. കളും ഗവൺമെന്റ് ഡിസ്പെൻസറികളും സംസ്ഥാനത്ത് ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കോൺട്രാക്ട് അടിസ്ഥാനത്തിലോ പി. എസ്. സി. മുഖേനയോ നിയമനം ലഭിച്ച ഒരു ഡോക്ടർപോലും ഇല്ലാത്ത പി. എച്ച്.സി. കൾ ഏതെല്ലാം എന്ന് അറിയിക്കാമോ;

(സി) പി. എസ്. സി. മുഖേന നിയമനം ലഭിച്ച ഡോക്ടർമാർ ഇല്ലാത്ത കണ്ണൂർ ജില്ലയിലെ പി. എച്ച്. സി. കളും ആശുപത്രികളും ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 188 ആരോഗ്യ കേന്ദ്രങ്ങളിൽ ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly